## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

### CLASS 8 (COMPETITIVEEXAM 2024)

---

**1) ചുവടെ കൊടുത്തിരിക്കുന്നതിൽ 'എഴുതുന്ന പ്രവാചകന്മാരുടെ' ഗണത്തിൽ വരാത്തത് ആര്?**

**<u>A) ഏലിയാവ്</u>**
B) യശയ്യാവ്
C) സഖറിയ
D) ശമുവേൽ

**2) ഏലിശാ പ്രവാചകന്റെ സ്വന്തം വീട് എവിടെയായിരുന്നു?**

**<u>A) ശമര്യ</u>**
B) ശൂനേം
C) ബഥേൽ
D) കർമേൽ

**3) ചുവടെ കൊടുത്തിരിക്കുന്നതിൽ ഏലിയാപ്രവാചകനുമായി ബന്ധപ്പെട്ടതു തെരഞ്ഞെടുക്കുക?**

**<u>A) മൂന്നു വർഷത്തെ വരൾച്ച.</u>**
B) പായസത്തിന്റെ വിഷബാധ മാറ്റി.
C) നയമാന്റെ കുഷ്ഠം സൗഖ്യമാക്കി.
D) വെള്ളത്തിന്റെ ഉറവ ശുദ്ധീകരിച്ചു.

**4) യൊരൊബെയാവുമായി ബന്ധമില്ലാത്തതു തെരഞ്ഞെടുക്കുക.**

**<u>A) ശലോമോന്റെ രണ്ടാമത്തെ പുത്രനായിരുന്നു.</u>**
B) ജനത്തിന്റെ നികുതിഭാരം കുറയ്ക്കണമെന്നു ആവശ്യപ്പെട്ടു.
C) പത്തു ഗോത്രങ്ങൾ യൊരൊബയാമിനെ രാജാവായി അംഗീകരിച്ചു.
D) യൊരൊബയാമിന്റെ രാജ്യതലസ്ഥാനം ശമര്യ ആയിരുന്നു.

**5) യഹൂദാ രാജ്യത്തിന്റെ നാശം യോശിയാവിന്റെ കാലത്ത് സംഭവിക്കയില്ല എന്നു പ്രവചിച്ചത് ആര്?**

**<u>A) ഹുൽദ</u>**
B) നാഥാൻ
C) ഹില്ക്കിയാവ്
D) ഏലിയാവ്

**6) യോശിയാവിനെ വധിച്ചത് ആര്?**

**<u>A) നെഖോ</u>**
B) മെഗിദ്ദോവ്
C) യഹോവാഹാസ്
D) ശാഫാൻ

**7) വടക്കേ രാജ്യമായ യിസ്രായേലിലെ ആദ്യത്തെ രാജാവ്?**

**<u>A) യൊരൊബയാം</u>**
B) ശൌൽ
C) രെഹബയാം
D) ആഹാബ്

**8) ആഹാബ് രാജാവ് യുദ്ധത്തിൽ മരിക്കും എന്നു പ്രവചിച്ച പ്രവാചകൻ?**

**<u>A) മീഖായാവ്</u>**

B) ഏലിയാവ്
C) അഹീയാ
D) നാഥാൻ

**9) വടക്കേരാജ്യമായ യിസ്രായേലിന്റെ നാശം ഏത് ഇസ്രായേൽ രാജാവിന്റെ കാലത്താണ് ഉണ്ടായത്?**
**A) ഹോശേയ**
B) യേഹൂ
C) ശൽമനേസ്സർ
D) യൊരൊബയാം

**10) യശയ്യാ പ്രവാചകൻ യരുശലേമിൽ പ്രവചനം നടത്തിയത് ഏതു രാജാവിന്റെ കാലത്തായിരുന്നു?**
**A) ഉസ്സിയാവ്**
B) ഹിസ്കിയാവ്
C) യോശിയാവ്
D) യഹോവാഹാസ്

**11) ഹിസ്കിയാവിന് ദൈവം ആയുസ്സു നീട്ടിക്കൊടുത്തില്ലായിരുന്നുവെങ്കിൽ പകരം വാഴുവാൻ മക്കൾ ഉണ്ടാകുമായിരുന്നില്ല എന്ന് എങ്ങനെ മനസ്സിലാക്കാം?**
**A) മകനായ മനശ്ശെ 12-ാം വയസ്സിൽ രാജാവായി.**
B) യശയ്യാപ്രവാചകൻ ചെല്ലുമ്പോൾ രാജാവിന്റെ സമീപം ആരുമുണ്ടായിരുന്നില്ല.
C) ഹിസ്കിയാവ് തന്നെ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കേണ്ടി വന്നു.
D) ഹിസ്കിയാവിന് അത്തിപ്പഴ ചികിത്സ നടത്തിയത് യശയ്യാപ്രവാചകൻ നേരിട്ടായിരുന്നു.

**12) മത്ഥിയാസിന്റെ തെരഞ്ഞെടുപ്പ് ഏതു വിധത്തിലാണ് സഭയ്ക്കു മാതൃകയായത്?**
**A) ഈ ഉത്തരങ്ങൾ എല്ലാം ശരിയാണ്.**
B) ശിഷ്യന്മാർ പ്രാർത്ഥിച്ചാണ് തെരഞ്ഞെടുപ്പു നടത്തിയത്.
C) തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ചില നിബന്ധനകൾ വച്ചിരുന്നു.
D) മത്ഥിയാസ് തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞപ്പോൾ മറ്റുള്ളവർ അതു സ്വീകരിച്ചു.

**13) മത്ഥിയാസിന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ച് 'അവന്റെ സ്ഥാനം മറ്റൊരുത്തൻ ഏൽക്കട്ടെ' എന്നു പ്രവചിച്ചത് ആര്?**
**A) ദാവീദ്**
B) യശയ്യാ
C) യിരമ്യാവ്
D) ദാനിയേൽ

**14) പെന്തിക്കോസ്തിയിലെ സംഭവത്തെക്കുറിച്ചു പ്രവചിച്ച പഴയനിയമ പ്രവാചകൻ?**
**A) യോവേൽ**
B) യശയ്യാവ്
C) ആമോസ്
D) മലാഖി

**15) പെന്തിക്കോസ്തി പെരുന്നാളിൽ പത്രോസിന്റെ പ്രസംഗം കേട്ട് അന്നുതന്നെ സ്നാനമേറ്റു ക്രിസ്ത്യാനികളായിത്തീർന്നവരുടെ എണ്ണം?**
**A) ഏകദേശം മൂവായിരം**
B) ഏകദേശം അയ്യായിരം
C) ഏകദേശം നാലായിരം

D) ഏകദേശം രണ്ടായിരം

**16) ആദിമസഭ അപ്പംനുറുക്കൽ ശുശ്രൂഷക്കായി ഒരുമിച്ചുകൂടിയിരുന്നത് എവിടെ?**
**A) ഭവനങ്ങളിൽ**
B) പള്ളികളിൽ
C) സുന്നഗോഗുകളിൽ
D) മർക്കോസിന്റെ മാളികയിൽ

**17) അപ്പോസ്തോലിക പിൻതുടർച്ച സഭയിൽ എങ്ങനെയാണ് ലഭ്യമാകുന്നത്?**
**A) പൗരോഹിത്യഗണത്തിലൂടെ**
B) വി. കുർബാനയിലൂടെ
C) ദേവാലയങ്ങളിലൂടെ
D) സുവിശേഷത്തിലൂടെ

**18) ഏതു വഴിയിലാണ് ഫിലിപ്പോസ് ശെമ്മാശൻ എത്യോപ്യക്കാരൻ ഷണ്ഡനെ കണ്ടുമുട്ടിയത്?**
**A) ഗസ്സ എന്ന പട്ടണത്തിലേക്കുള്ള വഴിയിൽ.**
B) യരുശലേമിലേക്കുള്ള വഴിയിൽ.
C) ശമര്യാപട്ടണത്തിലേക്കുള്ള വഴിയിൽ.
D) എമ്മാവൂസിലേക്കുള്ള വഴിയിൽ.

**19) പ്രവാചകികളായ നാലു പെൺമക്കളുടെ പിതാവ്?**
**A) ഫിലിപ്പോസ്**
B) സ്തേഫാനോസ്
C) പൗലോസ്
D) പത്രോസ്

**20) 'തബീഥയേ എഴുന്നേൽക്കുക'. ഇത് ആരു പറഞ്ഞതാണ്?**
**A) പത്രോസ്**
B) യേശു
C) പൗലോസ്
D) സ്തേഫാനോസ്

**21) ശ്ലീഹാനോമ്പിന്റെ അവസാനം നാം ആരുടെ പെരുന്നാളാണ് ആചരിക്കുന്നത്?**
**A) പത്രോസിന്റെയും പൗലോസിന്റെയും**
B) പന്ത്രണ്ടു ശിഷ്യന്മാരുടെ
C) പത്രോസ് ശ്ലീഹായുടെ
D) പൗലോസ് ശ്ലീഹായുടെ

**22) മാലാഖമാരുടെ സ്തുതിപ്പിൻ യേശുമശിഹായ്ക്കു നൽകിയിട്ടുള്ള വിശേഷണം?**
**A) ഇവിടെ നൽകിയിരിക്കുന്നതെല്ലാം.**
B) സർവ്വശക്തിയുള്ള പിതാവും സ്വർഗീയ രാജാവും.
C) സ്വർഗീയ രാജാവും സ്രഷ്ടാവും.
D) പിതാവിന്റെ പുത്രനും വചനവും

**23) 'ഓർത്തഡോക്സ്' എന്ന സഭാനാമത്തിന്റെ അർത്ഥം?**
**A) ശരിയായ സ്തുതി.**
B) മാർത്തോമാ ശ്ലീഹായുടെ പിൻഗാമികൾ.
C) പാരമ്പര്യം പിൻതുടരുന്നവർ.

D) എന്നും എന്നും സ്തുതി.

**24) 'വെടിപ്പുള്ള നോമ്പ് ഇതാകുന്നു' ഇതിന്റെ വിശദീകരണം നൽകുന്ന പ്രവാചകൻ ആര്?**

A) യശയ്യാ
B) യിരമ്യാ
C) ഹോശയാ
D) ഏലിയാ

**25) 'ദീർഘദർശിയായ ........................ അവന്റെ നോമ്പാൽ ഇസ്രായേൽ ജനത്തിന് പലകകളെ കൈക്കൊണ്ടു. ................... മേല്പോട്ട് എടുത്തുകൊള്ളപ്പെട്ടു. ............................ സിംഹങ്ങളെ ജയിച്ചു.**

A) ക്രമമായി പൂരിപ്പിക്കുന്ന വാക്കുകൾ ഉള്ള ഗ്രൂപ്പു തെരഞ്ഞെടുക്കുക.
B) മോശ, ഏലിയാ, ദാനിയേൽ
C) ഏലിയാ, മോശ, ദാനിയേൽ
D) ദാനിയേൽ, മോശ, ഏലിയാ

**26) ഏതെല്ലാം നോമ്പുകളിലാണ് നാല്പതു കുമ്പിടീൽ ഉൾപ്പെടുത്തിയിട്ടുള്ളത്?**

A) മൂന്നു നോമ്പിലും, വലിയ നോമ്പിലും
B) മൂന്നു നോമ്പിൽ മാത്രം
C) വലിയ നോമ്പിൽ മാത്രം
D) സഭയുടെ എല്ലാ നോമ്പിലും

**27) 'നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തും' ഈ വാക്യം ഏതു സങ്കീർത്തനം?**

A) 132
B) 45
C) 103
D) 51

**28) 'പൂക്കുദ്യാന ദ്വാരങ്ങൾ'. ഇവിടെ 'പുക്ക്' എന്ന വാക്കിന്റെ അർത്ഥം എന്ത്?**

A) പ്രവേശിച്ച്
B) മനോഹരമായ
C) പറുദീസ
D) പൂക്കൾ ഉള്ള

**29) 'നാഥാ താവകമിരുലോകം' ഈ ഗീതത്തിന്റെ അടുത്ത വരി തെരഞ്ഞെടുക്കുക.**

A) നിന്നധികാരം താനെ-ങ്ങും
B) കള്ളനു കിട്ടിയ നിന്റെ വരം
C) ജീവിപ്പിച്ചവനാം ദൈവപുത്രാ
D) ജീവൻ മൃതരാമേവർക്കും നൽകുന്നു.

**30) 'ശരണത്താലെ നിൻ കൃപയിൽ' എന്നാരംഭിക്കുന്ന ഗീതത്തെക്കുറിച്ച് ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക.**

A) പരേതർക്കുവേണ്ടിയുള്ള കുക്കിലിയോനിലെ എക്ബോ
B) പരേതർക്കുവേണ്ടിയുള്ള കുക്കിലിയോനിലെ ബോവൂസോ
C) പട്ടക്കാർക്കുവേണ്ടിയുള്ള കുക്കിലിയോനിലെ എക്ബോ
D) പട്ടക്കാർക്കുവേണ്ടിയുള്ള കുക്കിലിയോനിലെ ബോവൂസോ

**31) ചുവടെ പറയുന്നവരിൽ വിശ്വാസസമർത്ഥകരുടെ ഗണത്തിൽപ്പെടാത്തത്**

**ആര്?**
**<u>A) അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസ്</u>**
B) ജസ്റ്റിൻ മാർട്ടയർ
C) കാർത്തേജിലെ സിപ്രിയൻ
D) റോമിലെ ഹിപ്പോലിറ്റസ്

**32) സുന്നഹദോസ് കൂടിയ സ്ഥലവും വർഷവും ശരിയായിട്ടുള്ളത് തെരഞ്ഞെടുക്കുക.**
**<u>A) കുസ്തന്തീനോപ്പോലീസ് AD 381</u>**
B) എഫേസൂസ് സുന്നഹദോസ് AD 430
C) നിഖ്യാ സുന്നഹദോസ് AD 320
D) ശരിയായ ഉത്തരം ഈ കൂട്ടത്തിൽ ഇല്ല.

**33) 'ഡൊനാട്ടിസം' എന്ന വേദവിപരീതം എന്താണ്?**
**<u>A) ക്രിസ്തുമതം വിട്ടുപോയവരെ സ്വീകരിക്കരുത്.</u>**
B) പുത്രൻ പിതാവിനോടു സമനല്ല.
C) ശരീരവും ശാരീരിക പ്രവർത്തനങ്ങളും തിന്മയാണ്.
D) യേശുക്രിസ്തുവിൽ വിവിധ സ്വഭാവങ്ങൾ ഇല്ല.

**34) പേർഷ്യൻ കുടിയേറ്റങ്ങളുടെ പ്രാധാന്യത്തിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**<u>A) മലങ്കരയിൽ കാതോലിക്കേറ്റിനു തുടക്കമായി.</u>**
B) ഇരു സഭകളും തമ്മിലുള്ള ബന്ധം ദൃഢമായി.
C) കൊല്ലവർഷം രൂപീകരിച്ചു.
D) ക്രിസ്തുമത പ്രചാരണം ഇവിടെ സുഗമമായി.

**35) ക്രിസ്ത്യാനികൾക്കു എഴുപത്തിരണ്ടു പദവികൾ ലഭ്യമായ ചെപ്പേടുകൾ.**
**<u>A) തരീസാപ്പള്ളി ചെപ്പേട്.</u>**
B) ഇരവിക്കോർത്തൻ ചെപ്പേട്.
C) ക്നായിതൊമ്മൻ ചെപ്പേട്.
D) വീരരാഘവപട്ടയം.

**36) 'നീ മൽക്കീസദേക്കിന്റെ ക്രമത്തിൽ എന്നേക്കും ഒരു പുരോഹിതനായിരിക്കും' എന്ന സങ്കീർത്തനവാക്യം പുതിയനിയമത്തിൽ ഏതു പുസ്തകത്തിൽ ആണ് ചർച്ച ചെയ്യപ്പെടുന്നത്?**
**<u>A) എബ്രായലേഖനത്തിൽ.</u>**
B) പത്രോസിന്റെ ലേഖനത്തിൽ.
C) യോഹന്നാന്റെ ലേഖനത്തിൽ.
D) ഫിലിപ്പോസിന്റെ ലേഖനത്തിൽ.

**37) ഏലിയാപ്രവാചകൻ യാഗമർപ്പിച്ച മല?**
**<u>A) കർമ്മേൽ</u>**
B) താബോർ
C) സീനായ്
D) ഹോറേബ്

**38) ദാവീദിന് കാഴ്ചയപ്പം നൽകിയ പുരോഹിതൻ?**
**<u>A) അഹീമലേക്ക്</u>**
B) അബ്യാഥാൻ
C) മൽക്കീസദേക്ക്
D) അഹറോൻ

**39) തുബ്ദേനുകളെക്കുറിച്ച് ഏറ്റവും ശരിയായ പ്രസ്താവന**

**തെരഞ്ഞെടുക്കുക.**
**A) വിവിധ പരീക്ഷകളിൽ ഇരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു രണ്ടാം തുബ്ദേനിലാണ്.**
B) അഞ്ചാം തുബ്ദേനിൽ നമ്മുടെ ഇപ്പോഴത്തെ കാതോലിക്കാ ബാവായെ സ്മരിക്കുന്നു.
C) നാലാം തുബ്ദേനിൽ പരിശുദ്ധ പരുമല തിരുമേനിയെ സ്മരിക്കുന്നു.
D) ആറാം തുബ്ദേനിൽ വാങ്ങിപ്പോയ പട്ടക്കാരെ ഓർക്കുന്നു.

**40) 'പട്ടക്കാരും വിശ്വാസികളായ ജനങ്ങളുടെ സംഘവും ക്രിസ്ത്യാനി സമൂഹം' മുഴുവനുവേണ്ടിയും പ്രാർത്ഥിക്കുന്നത് ഏതു തുബ്ദേനിലാണ്.**
**A) 3**
B) 2
C) 4
D) 1

**41) മാമോദീസായുടെ ഒരുക്കത്തെക്കുറിച്ചുള്ള തെറ്റായ പ്രസ്താവന ഏത്?**
**A) സ്നാനാർത്ഥി മുതിർന്ന ആളാണെങ്കിൽ കുമ്പസാരിച്ച് കുർബാന അനുഭവിച്ച് ഒരുങ്ങണം.**
B) കുഞ്ഞിന്റെ മാതാപിതാക്കൾ കുമ്പസാരിച്ചു കുർബാന അനുഭവിക്കണം.
C) തല തൊടുന്ന ആൾ കുമ്പസാരിച്ചു കുർബാന അനുഭവിക്കണം.
D) സ്നാനാർത്ഥി മുതിർന്ന ആളാണെങ്കിൽ വേദപഠനം നടത്തിയിട്ടുവേണം മാമോദീസായ്ക്കു കൊണ്ടുവരേണ്ടത്.

**42) അമ്മയുടെ ഗർഭത്തിൽവച്ചു തന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞ വ്യക്തി.**
**A) യോഹന്നാൻ സ്നാപകൻ**
B) സ്തേഫാനോസ്
C) ഫിലിപ്പോസ്
D) അങ്ങനെ ആരെക്കുറിച്ചും രേഖപ്പെടുത്തിയിട്ടില്ല.

**43) 'ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ' ഈ വാക്യം വേദപുസ്തകത്തിൽ ഏതു പുസ്തകത്തിൽ കാണുന്നു?**
**A) യാക്കോബിന്റെ ലേഖനം**
B) യോഹന്നാന്റെ ലേഖനം
C) മത്തായിയുടെ സുവിശേഷം
D) യോഹന്നാന്റെ സുവിശേഷം

**44) 'തേയോലോഗോസ്' എന്ന പേരു നൽകി പൗരസ്ത്യസഭകൾ ആദരിക്കുന്ന വ്യക്തികൾ?**
**A) യോഹന്നാൻ ശ്ലീഹാ, നാസിയാൻസിലെ മാർ ഗ്രിഗോറിയോസ്**
B) മാർ ബസേലിയോസ്, നാസിയാൻസിലെ മാർ ഗ്രിഗോറിയോസ്
C) വിശുദ്ധ അന്തോനിയോസ്, യോഹന്നാൻ ശ്ലീഹാ
D) മാർ ബസേലിയോസ്, വിശുദ്ധ അന്തോനിയോസ്

**45) താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക.**
**A) ഇവിടെ പറയുന്ന എല്ലാ പ്രസ്താവനകളും ശരിയാണ്.**
B) പഴയസെമിനാരി സ്ഥാപിച്ചത് ദിവന്നാസ്യോസ് രണ്ടാമനാണ്.
C) ദിവന്നാസിയോസ് രണ്ടാമൻ തന്നെയാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ.
D) പുലിക്കോട്ടിൽനിന്നുള്ള ആദ്യത്തെ മെത്രാപ്പോലിത്തായാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ.

**46) മുളന്തുരുത്തി സുന്നഹദോസിനെ സംബന്ധിച്ച തെറ്റായ പ്രസ്താവന**

**തെരഞ്ഞെടുക്കുക.**
**<u>A) മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ച് ഏഴു മെത്രാന്മാരെ വാഴിച്ച് ഭരണാധിപന്മാരാക്കി.</u>**
B) അന്ത്യോഖ്യൻ പാത്രിയർക്കീസായ പത്രോസ് തൃതീയനാണ് യോഗം വിളിച്ചുകൂട്ടിയത്.
C) പുലിക്കോട്ടിൽ രണ്ടാമന്റെ കാലത്താണ് മുളന്തുരുത്തി സുന്നഹദോസ് കൂടിയത്.
D) സഭയുടെ ജനാധിപത്യപരമായ ഒരു ഭരണക്രമത്തിന് അടിസ്ഥാനം ഇടുവാൻ മുളന്തുരുത്തി സുന്നഹദോസിന് കഴിഞ്ഞു.

**47) 'മാർത്തോമാ സഭ' യുടെ രൂപീകരണ വർഷം**
**<u>A) 1889</u>**
B) 1876
C) 1817
D) 1825

**48) 'ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ' എന്നു പറഞ്ഞത് ആര്?**
**<u>A) പൗലോസ് ശ്ലീഹാ</u>**
B) പത്രോസ് ശ്ലീഹാ
C) കർത്താവായ യേശുക്രിസ്തു
D) യോഹന്നാൻ സ്നാപകൻ

**49) 'വായിച്ചു വളർന്നാൽ വിളയും, വായിക്കാതെ വളർന്നാൽ വളയും' ഇങ്ങനെ പറഞ്ഞത് ആര്?**
**<u>A) കുഞ്ഞുണ്ണി മാഷ്</u>**
B) ശലോമോൻ
C) സെന്റ് ആഗസ്റ്റിൻ
D) നാസിയാൻസിലെ ഗ്രിഗോറിയോസ്

**50) സമയത്തിന്റെ ശരിയായ ഉപയോഗിത്തിൽ അനുവർത്തിക്കാൻ പാടില്ലാത്തത് തെരഞ്ഞെടുക്കുക.**
**<u>A) ഏതു കാര്യവും സാധ്യമല്ല എന്നു പറയരുത്.</u>**
B) ഒരു പ്രവർത്തനരേഖ തയ്യാറാക്കി ജോലികൾ തീർക്കുക.
C) മുൻഗണനക്രമം തയ്യാറാക്കി ജോലികൾ തീർക്കുക.
D) സമയം പരമാവധി ഉപയോഗപ്പെടുത്തുവാനുള്ള ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുക.